**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 556** **06-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെന്‍ഷന്‍ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എന്‍. എ. നെല്ലിക്കുന്ന് | | ശ്രീ കെ എന്‍ ബാലഗോപാല്‍<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷേമപെന്‍ഷന്‍ ലഭിക്കുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 5,238,430 സാമൂഹ്യ സുരക്ഷാ പെന്‍ഷന്‍ ഗുണഭോക്താക്കളും, സര്‍ക്കാര്‍ നല്‍കുന്ന ധനസഹായമുപയോഗിച്ച് പെന്‍ഷന്‍ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോര്‍ഡുകളിലായി 736,216 ഗുണഭോക്താക്കളുമാണുള്ളത്. ഇതില്‍ അര്‍ഹതയുള്ള 5066136 സാമൂഹ്യ സുരക്ഷാ പെന്‍ഷന്‍ ഗുണഭോക്താക്കള്‍ക്കും, സര്‍ക്കാര്‍ നല്‍കുന്ന ധനസഹായമുപയോഗിച്ച് പെന്‍ഷന്‍ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോര്‍ഡുകളിലെ 672,827 ഗുണഭോക്താക്കള്‍ക്കുമാണ് 2022 നവംബര്‍ മാസത്തെ പെന്‍ഷന്‍ അനുവദിച്ചിട്ടുള്ളത്.<br><br>സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെന്‍ഷന്‍ 2675 പേര്‍ക്കും അവശ കലാകാര പെന്‍ഷന്‍ 220 പേര്‍ക്കും അനുവദിച്ചിട്ടുണ്ട്. കായിക യുവജനക്ഷേമ വകുപ്പ് മുഖേനയുള്ള സര്‍ക്കസ് പെന്‍ഷന്‍ 1323 പേര്‍ക്കും, അവശ കായികതാര പെന്‍ഷന്‍ 117 പേര്‍ക്കും അനുവദിച്ചിട്ടുണ്ട്.<br><br>ഇതു കൂടാതെ തനതു ഫണ്ടുപയോഗിച്ച് പെന്‍ഷന്‍ വിതരണം നടത്തുന്ന ക്ഷേമനിധി ബോര്‍ഡുകളിലെ 5,03,383 പേര്‍ക്കും പെന്‍ഷന്‍ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ക്ഷേമപെന്‍ഷന്‍ ലഭിക്കുന്നത് ആര്‍ക്കെല്ലാമാണെന്നും നല്‍കുന്ന തുക എത്ര വീതമാണെന്നും ഒരു മാസം വിതരണം ചെയ്യുന്ന മൊത്തം ക്ഷേമപെന്‍ഷന്‍ തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നില്‍ക്കുന്ന അശരണരും നിരാലംബരുമായവര്‍ക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സര്‍ക്കാര്‍ സാമൂഹ്യ സുരക്ഷാ പെന്‍ഷനുകള്‍ അനുവദിയ്ക്കുന്നത്. 60 വയസ്സ് കഴിഞ്ഞ വൃദ്ധ ജനങ്ങള്‍/ കര്‍ഷത്തൊഴിലാളികള്‍, വിധവകള്‍, 40 ശതമാനമോ അതിലധികമോ വൈകല്യമുള്ള ഭിന്നശേഷിക്കാര്‍, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകള്‍ എന്നീ വിഭാഗത്തില്‍പ്പെട്ടവര്‍ക്കാണ് സാമൂഹ്യ സുരക്ഷാ പെഷനുകള്‍ നല്‍കുന്നത്. വിവിധ ഇനം |

| | | | |
|---|---|---|---|
| | | | തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള സംഘടിത, അസംഘടിത മേഖലകളിലുള്ള തൊഴിലാളികളിൽ വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗത്വമുള്ളവർക്ക് അതാത് ക്ഷേമനിധി ബോർഡുകളിലെ നിയമവലി അടിസ്ഥാനമാക്കിയുള്ള മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളവർക്കാണ് ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നത്.<br><br>2022 നവംബർ മാസത്തെ കണക്കു പ്രകാരം വിവിധ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി 773.52 കോടി രൂപയും, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ നൽകുന്നതിനായി 105.54 കോടി രൂപയും ചേർത്ത് ആകെ 879.06 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രതിമാസ നിരക്ക് 1600/- രൂപയാണ്.<br><br>സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷന് 42,73,560/- രൂപയും അവശ കലാകാര പെൻഷന് 2,20,000/- രൂപയും അനുവദിച്ചിട്ടുണ്ട്. കായിക യുവജനക്ഷേമ വകുപ്പ് മുഖേനയുള്ള അവശ കായികതാര പെൻഷന് 1,52,100/- രൂപയും സർക്കസ് പെൻഷന് 15,87,600/- രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിരക്ക് 1000/- രൂപ മുതൽ 1600/- രൂപ വരെയാണ്.<br><br>ഇതു കൂടാതെ തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡു പെൻഷനുകൾ നൽകുന്നതിനായി 83.98 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതാത് ക്ഷേമനിധി നിയമാവലി പ്രകാരമുള്ള നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നത്. |
| (സി) | ഏത് തീയതിയിലാണ് അതാത് മാസത്തെ ക്ഷേമപെൻഷൻ വിതരണം ചെയ്യാൻ തീരുമാനമെടുക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡുകൾ എന്നിവയ്ക്ക് അതാത് മാസം 20 മുതൽക്കാണ് പെൻഷൻ വിതരണ നടപടികൾ സ്വീകരിക്കുന്നത്. മറ്റ് ക്ഷേമനിധി ബോർഡു പെൻഷനുകളും സാംസ്കാരികം, കായിക യുവജനക്ഷേമം എന്നീ വകുപ്പുകൾ മുഖേനയുള്ള പെൻഷനുകളും നൽകുന്നതിന് നടപടി സ്വീകരിക്കുന്നത് അതാത് പെൻഷൻ നിയമാവലി പ്രകാരമാണ്. |
| (ഡി) | ഇപ്പോൾ എത്രമാസത്തെ ക്ഷേമപെൻഷൻ മുടങ്ങിയിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | (ഡി) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ നൽകുന്ന ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവയും സാംസ്കാരിക വകുപ്പ് |

| | | | |
|---|---|---|---|
| | | | മുഖേനയുള്ള കലാകാര പെൻഷൻ, അവശ കലാകാര പെൻഷൻ, കായിക യുവജനക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന അവശ കായികതാര പെൻഷൻ എന്നിവയും മുടക്കമില്ലാതെ അനുവദിച്ചിട്ടുണ്ട്.<br><br>കായിക യുവജനക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സർക്കസ് പെൻഷൻ കൊല്ലം, കോട്ടയം വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ 3 മുതൽ 6 മാസം വരെ കുടിശ്ശികയുണ്ട്. കൊല്ലം, കണ്ണൂർ ജില്ലകളിൽ ഫണ്ട് ലഭ്യമല്ലാത്തതിനാലും കോട്ടയം വയനാട് ജില്ലകളിൽ ഗുണഭോക്താക്കൾ മറ്റ് പെൻഷനുകൾ കൈപ്പറ്റുന്നുണ്ടോ എന്നതിൽ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ളതിനാലുമാണ് പെൻഷൻ കുടിശ്ശിക- യായിട്ടുള്ളത്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. മറ്റ് ജില്ലകളിൽ കുടിശ്ശികയില്ലാതെ പെൻഷൻ അനുവദിച്ചിട്ടുണ്ട്.<br><br>തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ 6 മാസത്തെ പെൻഷൻ മുടങ്ങിയിട്ടുണ്ട്. തനതു ഫണ്ടിന്റെ അപര്യാപ്തതയാണ് ഇതിനു കാരണം. തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന മറ്റ് ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ കുടിശ്ശികയില്ല. |
| (ഇ) | ചെലവുകൾക്ക് പണമില്ലാത്തവിധം സംസ്ഥാനത്ത് വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നത് ശരിയാണോ; എങ്കിൽ ഇത് മറികടക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ? | (ഇ) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 6716 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ 24638.66 കോടി രൂപ കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയിരുന്നു. ഇതോടൊപ്പം ചരക്കു സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടാകുന്ന വരുമാ നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്ന കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടാകാത്തതിനാൽ ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ഏതാണ്ട് 9000 കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| | | | 2022 ജൂൺ വരെയുള്ള കാലയളവിൽ നിയമപ്രകാരം സർക്കാരിന് ലഭിക്കേണ്ട ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുടിശ്ശിക മാത്രം വകുപ്പ് തല കണക്കുകൾ പ്രകാരം 750കോടിയ്ക്ക് മുകളിൽ വരും. അതേ സമയം ചെലവുകളിന്മേൽ, മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ടി കാരണങ്ങളാണ് പ്രധാനമായും പൊടുന്നനെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.<br><br>നിലവിലെ സാമ്പത്തിക പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടും തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു പോരുന്നത്. |

സെക്ഷൻ ഓഫീസർ